# NATIONAL BULLETIN

**DATE: 11.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കം. ലോകനേതാക്കൾ ഉച്ചകോടിക്കായി എത്തിത്തുടങ്ങി.

   The 18th BRICS Summit will begin at Bharat Mandapam in New Delhi tomorrow, with the national capital putting its finishing touches in place for the grand event.

2) റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഉൾപ്പെടെ പ്രമുഖരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉഭയകക്ഷിചർച്ച നടത്തും. ഫലപ്രദമായ ചർച്ചകൾക്ക് ബ്രിക്സ് ഉച്ചകോടി വേദിയാകുമെന്ന് പ്രധാനമന്ത്രി.

   Prime Minister Narendra Modi will hold bilateral talks today with prominent leaders, including Russian President Vladimir Putin. The Prime Minister stated that the BRICS summit will serve as a platform for fruitful discussions.

3) ഡിജിറ്റൽ ഇന്ത്യ ഭൂരേഖ നവീകരണ പദ്ധതി 3.0 യുടെ പ്രവർത്തന മാർഗ്ഗരേഖ പുറത്തിറക്കി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

Union Minister Shivraj Singh Chouhan released the operational guidelines for the Digital India Land Records Modernization Programme 3.0.

4) ദിവസവും ഒന്നിലേറെ തവണ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്ന് മന്ത്രി സണ്ണിജോസഫ്.

Kerala Minister Sunny Joseph stated that the state is currently in a situation where it is forced to impose power cuts more than once a day.

5) എച്ച്.പി.വി പ്രതിരോധ കുത്തിവെയ്പ്പിൽ പുതിയ നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ. കുത്തിവയ്പ്പുകളുടെ എണ്ണം 80 ലക്ഷം കടന്നു.

India has achieved a new milestone in HPV vaccination, with the total number of vaccinations crossing 80 lakhs (8 million).

6) ഏഷ്യാ കപ്പ് വനിതാ 20-20 ക്രിക്കറ്റ് ഫൈനലിൽ കടന്ന് ഇന്ത്യ. രണ്ടാം സെമിയിൽ ഇന്ന് പാകിസ്ഥാൻ ശ്രീലങ്കയെ നേരിടും

India has entered the final of the Women's Asia Cup T20 cricket. Pakistan will take on  Sri Lanka today in the second semi-final.

*******************

## REV LEADERS-BRICS ARRIVAL

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാൻ ഒരുങ്ങി ദേശീയ തലസ്ഥാനം. രണ്ടു ദിവസത്തെ ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ലോകനേതാക്കൾ എത്തിത്തുടങ്ങി. ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തിയ റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനെ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് സ്വീകരിച്ചു. ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസയും ഉഗാണ്ടൻ വൈസ് പ്രസിഡന്റ് ജെസീക്ക അലൂപോയും ഇന്ന് എത്തിച്ചേർന്നിട്ടുണ്ട്. ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിങ്ങ്, ഇറാൻ പ്രസിഡൻറ് മസൗദ് പെസഷ്കിയാൻ, യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് തുടങ്ങി പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഇന്ത്യയ്ക്ക് പുറമേ ബ്രസീൽ, ചൈന, ഈജിപ്ത്, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യു.എ.ഇ എന്നീ പതിനൊന്ന് രാജ്യങ്ങളാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഫലപ്രദമായ ചർച്ചകൾ ഉച്ചകോടിയിൽ നടക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആത്മവിശ്വാസം പങ്കുവച്ചു.

*******************

## PM BILATERALS-BRICS

ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഉഭയകക്ഷിചർച്ച നടത്തും. റഷ്യ-ഉക്രെയ്ൻ സംഘർഷം, പശ്ചിമേഷ്യൻ സാഹചര്യം, വ്യാപാര ബന്ധങ്ങൾ, ഊർജ്ജ സഹകരണം തുടങ്ങി പരസ്പര താത്പര്യമുള്ള നിരവധി വിഷയങ്ങൾ ഇരുവർക്കുമിടയിൽ ചർച്ചയാകും. ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയാനുമായും

പ്രധാനമന്ത്രി ഇന്ന് വൈകുന്നേരം ചർച്ച നടത്തും. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ കൂടിക്കാഴ്ചയ്ക്ക് ഏറെ നയതന്ത്ര പ്രാധാന്യമുണ്ട്. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായും ശ്രീ മോദി ഇന്ന് കൂടിക്കാഴ്ച നടത്തുന്നുണ്ട്.

********************

## REV BRICS-BUSINESS FORUM (INTRO)

ബ്രിക്സ് കൂട്ടായ്മയ്ക്കുള്ളിലെ ആഭ്യന്തര വ്യാപാരത്തിൻറെ നിർണായക കേന്ദ്രമായി ഇന്ത്യ മാറിയതായി കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ. ബ്രിക്സ് രാജ്യങ്ങൾ സ്വന്തം സാമ്പത്തിക ശേഷിയെ തൊഴിൽ, സമ്പത്ത്, സമൃദ്ധി എന്നിവയാക്കി മാറ്റണമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ബിസിനസ് ഫോറത്തിൻറെ ഉദ്ഘാടന സമ്മേളനത്തിൽ ആഹ്വാനം ചെയ്തു. ലോകജനസംഖ്യയുടെ പകുതിയേയും, മൊത്തം ആഭ്യന്തര ഉത്പാദനത്തിൻറെ 40 ശതമാനത്തെയും പ്രതിനിധീകരിക്കുന്നത് ബ്രിക്സ് രാജ്യങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്..........)**

പ്രവർത്തന അജണ്ടകളിലും, സഹകരണത്തിലും ബ്രിക്സ് വലിയ തോതിൽ വികാസം പ്രാപിച്ചതായി ചടങ്ങിൽ സംസാരിച്ച വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു. ഈ പരിണാമത്തെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനാണ്, ഇത്തവണത്തെ അധ്യക്ഷ പദവിയിലൂടെ ഇന്ത്യ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്..........)

********************

## GOVT OFFICE- HOLIDAY

ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് ദേശീയ തലസ്ഥാനത്ത് കർശന സുരക്ഷാ ക്രമീകരണങ്ങൾ നിലനിൽക്കുകയാണ്. ന്യൂഡൽഹിയിലെ കേന്ദ്ര സർക്കാർ

ഓഫീസുകൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. രാജ്യതലസ്ഥാനത്ത് ഈ മാസം 14 വരെ ഡ്രോണുകൾക്ക് സമ്പൂർണ്ണ നിരോധനവും ഏർപ്പെടുത്തി.

********************

## SHIVRAJ-DILRMP 3.0

ഡിജിറ്റൽ ഇന്ത്യ ഭൂരേഖ നവീകരണ പദ്ധതി 3.0'-യുടെ പ്രവർത്തന മാർഗ്ഗരേഖ കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ന്യൂഡൽഹിയിൽ പുറത്തിറക്കി. ഭൂരേഖകൾ വേഗത്തിൽ ലഭിക്കാനും, ഇത് സംബന്ധിച്ച നടപടികൾ സുതാര്യമാക്കാനും പദ്ധതി സഹായിക്കും. ഭൂരേഖകളുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിട്ടിരുന്ന പ്രയാസങ്ങൾ ഇല്ലാതാക്കാൻ, രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ കഴിയുമെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. 100 ശതമാനം കേന്ദ്ര ധനസഹായത്തോടെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു.

********************

## SUNNY JOSEPH-Power restrictions

ദിവസവും ഒന്നിലേറെ തവണ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്ന് മന്ത്രി സണ്ണി ജോസഫ്. വൈദ്യുതി ഉപഭോഗം മുൻപ് ഉള്ളതിനേക്കാൾ വളരെയേറെ കൂടിയതായും, പീക് അവേഴ്സ് കാലയളവിൽ മാറ്റം വന്നതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.പകൽ സമയങ്ങളിൽ സോളാർ ഊർജ്ജം സംഭരിച്ച്, രാത്രിയിൽ ഉപയോഗിക്കാൻ ആകും വിധമുള്ള പദ്ധതികളുടെ നിർമ്മാണം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നതായും ശ്രീ സണ്ണി ജോസഫ് വ്യക്തമാക്കി.

********************

## HPV VACCINATION-MILESTONE

എച്ച്.പി.വി പ്രതിരോധ കുത്തിവെയ്പ്പിൽ പുതിയ നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ. രാജ്യത്ത് എച്ച്.പി.വി പ്രതിരോധ കുത്തിവയ്പ്പുകളുടെ എണ്ണം 80 ലക്ഷം കടന്നു. പെൺകുട്ടികളുടെ ആരോഗ്യകരമായ ഭാവിയിലേക്കുള്ള നിർണായക ചുവടുവയ്പ്പാണിതെന്ന് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. HPV അണുബാധകളിൽ നിന്നും, അനുബന്ധ അർബുദങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിനാണ് എച്ച്.പി.വി പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നത്.

********************

## Pradhan Mantri Matsya Sampada Yojana (INTRO)

പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജനയുടെ ഭാഗമായി വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ആനുകൂല്യ വിതരണവും കൊച്ചി നായരമ്പലത്ത് ഇന്ന് നടക്കും. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടി മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ.**

(വോയ്സ്)

********************

## CSIR-UGC NET RESULT

നാഷണൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന ജോയിന്റ് CSIR-UGC NET ജൂൺ 2026 പരീക്ഷയുടെ അന്തിമ ഫലവും റാങ്കുകളും പ്രസിദ്ധീകരിച്ചു. ഔദ്യോഗിക വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

********************

## REV PM-VIVEKANANDA SPEECH

1893 സെപ്റ്റംബർ 11-ന് ചിക്കാഗോയിലെ ലോക മത സമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിൻറെ നാഗരിക മൂല്യങ്ങളുടെയും

സംസ്കാരത്തിന്റെയും നേർക്കാഴ്ചയായിരുന്നു ഈ പ്രഭാഷണമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

********************

## WOMENS ASIA CUP CRICKET

ഏഷ്യാ കപ്പ് വനിതാ 20-20 ക്രിക്കറ്റ് ഫൈനലിൽ കടന്ന് ഇന്ത്യ. ദുബായിൽ ഇന്നലെ രാത്രി നടന്ന ആദ്യ സെമിയിൽ, ബംഗ്ലാദേശിനെ 40 റൺസിന്

പരാജയപ്പെടുത്തിയാണ് ഫൈനൽ പ്രവേശനം. ഇന്ന് രാത്രി 8-ന് നടക്കുന്ന രണ്ടാം സെമിയിൽ പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും. മറ്റന്നാളാണ് ഫൈനൽ മത്സരം.

********************

## CRUDE PRICE HIKE

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാതലത്തിൽ ബ്രെൻറ് ക്രൂഡ് വില നാല് മാസത്തെ ഉയർന്ന നിരക്കിൽ. ബാരലിന് വില 108 യു എസ് ഡോളറിന് മുകളിലെത്തി. കഴിഞ്ഞ ആഴ്ചയിൽ 12 ശതമാനത്തിലധികം വർദ്ധനയാണ് ബ്രെന്റ് ക്രൂഡ് വിലയിൽ ഉണ്ടായത്. ഇന്ത്യയുടെ GDP വളർച്ചയ്ക്ക് ഇത് വെല്ലുവിളി ഉയർത്തുമെന്ന ആശങ്കയും സാമ്പത്തിക വിദഗ്ദ്ധർ മുന്നോട്ട് വയ്ക്കുന്നുണ്ട്.

********************

## PM-9/11 TERRORISM

ഏത് രൂപത്തിലുള്ള ഭീകരവാദത്തെയും ഇന്ത്യ തുടർന്നും എതിർക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അമേരിക്കയിൽ നടന്ന 9/11 ഭീകരാക്രമണത്തിൻറെ 25-ാം വാർഷികത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നു പ്രധാനമന്ത്രി.

********************

## G20 ENERGY MEETING

അമേരിക്കയിലെ ഹ്യൂസ്റ്റണിൽ ഈ മാസം 14 മുതൽ 16 വരെ നടക്കുന്ന ജി-20 ഊർജ്ജ മന്ത്രിതല യോഗത്തിൽ കേന്ദ്രമന്ത്രി മനോഹർ ലാൽ പങ്കെടുക്കും. അമേരിക്കയുടെ ജി 20 അധ്യക്ഷതയ്ക്ക് കീഴിൽ നടക്കുന്ന യോഗത്തിൽ, ആഗോള

ഊർജ്ജ സുരക്ഷ,  അടിസ്ഥാന സൗകര്യ വികസനം, സുസ്ഥിര ഊർജ്ജ വിതരണ ശൃംഖലകൾ തുടങ്ങിയവ  ചർച്ചയാവും.

********************

## SWACCHATHAA HI SEWA

ഒക്ടോബർ 1ന് രാജ്യവ്യാപകമായി നടക്കുന്ന  'ഒരു ദിവസം, ഒരു മണിക്കൂർ, ഒന്നിച്ച് ' എന്ന ശ്രമദാന യജ്ഞത്തിന് മുന്നോടിയായി വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ച് കേന്ദ്രമന്ത്രി  മനോഹർ ലാൽ. ഈ മാസം 17 മുതൽ ഒക്ടോബർ 17 വരെ സംഘടിപ്പിക്കുന്ന  സ്വച്ഛതാ ഹി സേവ  2026 ൻറെ  മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യാൻ ചേർന്ന  ഉന്നതതല യോഗത്തിലാണ് നിർദ്ദേശം.

********************

## BHUPENDER-FOREST MARTYRS DAY

വനസംരക്ഷണത്തിനിടെ ജീവൻ നഷ്ടപ്പെട്ടവരെ ആദരിക്കുന്നതിനുള്ള ദേശീയ ദിനം ഇന്ന്.  ധീരരായ ഫോറസ്റ്റ് ഗാർഡുമാർ, റേഞ്ചർമാർ തുടങ്ങി വനസംരക്ഷണത്തിനായി  ത്യാഗം ചെയ്ത വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് ആദരാഞ്ജലികൾ അർപ്പിച്ചു.

********************

## US OPEN TENNIS

യു.എസ്. ഓപ്പൺ ടെന്നീസ്  വനിതാ സിംഗിൾസ് ഫൈനലിൽ  നിലവിലെ ചാമ്പ്യൻ  അരീന സബലെങ്കയും, കസാക്കിസ്ഥാൻറെ എലീന റൈബാക്കിനയും മറ്റന്നാൾ ഏറ്റുമുട്ടും.

വനിതാ ഡബിൾസ് ഫൈനലിൽ ഇന്ന് ചെക്ക്-അമേരിക്കൻ സഖ്യം അമേരിക്കൻ സഖ്യത്തെ നേരിടും.

********************

************

****